**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- തിരുവനന്തപുരം നഗരസഭയിലെ തിരുവല്ലം സോണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി കെ. സതി- ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 531/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.03.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.08.2016 തീയതിയിലെ ഇ 26(എസ്.സി 34/16/റ്റിവിഎം) 13813/2016/യുഎ നം. കത്ത്

2. സർക്കാരിന്റെ 28.06.2017 തീയതിയിലെ ഇയു2-166/17 -തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. ശ്രീമതി കെ. സതി സമർപ്പിച്ച 16.10.2017 തീയതിയിലെ പ്രതിവാദപത്രിക

4. നഗരകാര്യ ഡയറക്ടറുടെ 17.01.2019 തീയതിയിലെ വി1- 16863/17 നമ്പർ കത്ത്.

## ഉത്തരവ്

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം യൂണിറ്റ് 06.08.2016- ൽ തിരുവനന്തപുരം നഗരസഭയിലെ തിരുവല്ലം സോണൽ ഓഫീസിൽ മിന്നൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ തിരുവല്ലം സോണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി കെ. സതി ടാക്സ് അസ്സസ്സ് ചെയ്ത് ടി.സി നമ്പർ നൽകുന്നതിനുള്ള അപേക്ഷയിന്മേൽ നടപടിയിൽ ഏഴ് മാസത്തോളം കാലതാമസം വരുത്തിയതായി കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം ഒന്ന് പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ ടിയാൾക്കെതിരെ പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് ശ്രീമതി കെ സതി സമർപ്പിച്ച മറുപടിയിന്മേൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം നാല് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു

2. വിജിലൻസ് അന്വേഷണ റിപ്പോർട്ടു പ്രകാരം ശ്രീ പി. ആർ രവികുമാർ എന്ന വ്യക്തി തന്റെ പണി പൂർത്തിയായ വീടിന് ടി.സി നമ്പർ ലഭിക്കുന്നതിനായി 26.08.2014 ൽ അപേക്ഷ സമർപ്പിച്ചിരുന്നതായും, എന്നാൽ 7 മാസങ്ങൾക്കു ശേഷമാണ് ടിയാന്

ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതെന്നും, 04.10.2014-ൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതും അന്നേദിവസം തന്നെ ക്ലാർക്കായ ശ്രീമതി സതി തയ്യാറാക്കിയ നോട്ടീസിൽ ടിയാൻ ഒപ്പുവച്ചിട്ടുള്ളതുമാണെന്നും എന്നാൽ 12.02.2015-ൽ മാത്രമാണ് ശ്രീ രവികുമാറിന് നോട്ടീസ് നല്കിയിട്ടുള്ളതെന്നും. ഇതുമായി ബന്ധപ്പെട്ട മറ്റ് ഫയലുകൾ പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് II ന് നല്കുന്നതിനും കാലതാമസം നേരിട്ടതായി വിജിലൻസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

3. ശ്രീമതി കെ. സതി സമർപ്പിച്ച മറുപടിയിൽ, ടിയാൾക്ക് ലഭിച്ച അപേക്ഷ 01.09.2014-തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം അതേദിവസം ഫയൽ റിപ്പോർട്ടിനായി പബ്ലിക് വർക്സ് ഓവർസിയർക്ക് സമർപ്പിക്കുകയും, ബാക്ക് ഫയൽ കൂടി ചേർത്ത് നല്കുവാൻ പബ്ലിക് വർക്സ് ഓവർസിയർ നിർദ്ദേശിച്ച പ്രകാരം ആയത് 22.09.2014- ൽ നല്കിയതായും ടിയാൾ നേരിട്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഹാജരാക്കിയ ഫയൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടലംഘനം ഉള്ളതിനാൽ നോട്ടീസ് നൽകണമെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശം ഉൾപ്പെടെ 04.10.2014 തീയതിയിൽ തിരികെ ലഭിച്ചിട്ടുള്ളതുമാണെന്നും നോട്ടീസ് തയ്യാറാക്കി ഒപ്പ് വയ്ക്കുന്നതിന് അന്നേ ദിവസം ഫയൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയതാണെന്നും ഫയൽ ടിയാൻ കൈവശം സൂക്ഷിക്കുകയാണുണ്ടായതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. 12.02.2015-ൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത ഫയൽ ഒപ്പുവച്ച് തിരികെ അന്നേദിവസം പരാതിക്കാരന് നൽകുകയും പിന്നീട് ചട്ടലംഘനങ്ങൾ പരിഹരിച്ചതിനുശേഷം 26.02.2015- ൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പുവെച്ച് ഫയൽ റവന്യൂ സെക്ഷന് കൈമാറുകയും ചെയ്തിട്ടുള്ളതാണെന്നും മറുപടിയിൽ പരാമർശിക്കുന്നു .

4. തന്റെ ഭാഗത്തു നിന്നും മന:പൂർവ്വം വീഴ്ചയുണ്ടായിട്ടില്ലെന്നും 04.10.2014 ൽ ടിയാൾ സമർപ്പിച്ച നോട്ടീസിൽ 12.02.2015 തീയതിയിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പുവച്ചതെന്നും ടിയാന്റെ ഭാഗത്താണ് കാലതാമസം വന്നിട്ടുള്ളതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത നോട്ടീസിൽ തീയതി രേഖപ്പെടുത്തി ഒപ്പ് വയ്ക്കാത്തതിനാൽ ഒപ്പുവച്ച തീയതി കൃത്യമായി മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് വിജിലൻസ് റിപ്പോർട്ടിൽ പരാമർശമുള്ളതാണെന്നും ടി വസ്തുതകൾ മനസ്സിലാക്കി ടിയാൾക്കെതിരെ ആരോപിച്ചിട്ടുള്ള കുറ്റങ്ങളിൽ നിന്ന് ഒഴിവാക്കണമെന്നും മറുപടിയിൽ ടിയാൾ അപേക്ഷിച്ചിരുന്നു .

5. തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ടു പ്രകാരം, നഗരസഭാ ഫയലുകൾ പരിശോധിച്ചതിലും ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയതിലും ശ്രീമതി കെ സതി 04.10.2014 ൽ തന്നെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നോട്ടീസ് സമർപ്പിച്ചുവെന്നും 12.02.2015- ന് ശ്രീ

രവികുമാർ നേരിട്ട് ഓഫീസിൽ എത്തിയപ്പോഴാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഫയൽ ഒപ്പവച്ചതെന്നും സൂചിപ്പിച്ചിട്ടുള്ളതായി കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. നഗരസഭാ റിപ്പോർട്ടും ശ്രീമതി കെ. സതിയുടെ മറുപടിയും പരിശോധിച്ചതിൽ ശ്രീമതി കെ സതിയുടെ ഭാഗത്തു നിന്നും മന.പൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും മേഖലാ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു .

6. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം നികുതി നിശ്ചയിക്കുന്നതിലും ടി.സി നമ്പർ നൽകുന്നതിലും 7 മാസത്തിലധികം കാലതാമസം വന്നിട്ടുള്ളത് ആശാസ്യമല്ലാത്തതും ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ അലംഭാവം ഗൗരവമായി കാണുന്നതുമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടിയാൾ കൃത്യമായി ഫയൽ സമർപ്പിച്ചിട്ടുള്ളതാണെന്ന് ശ്രീമതി കെ. സതി സമർപ്പിച്ച മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ടി കാലയളവിൽ തിരുവനന്തപുരം നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ രാജു കൃത്യമായി ഫയലുകളിൽ നടപടി സ്വീകരിച്ചുവെന്ന് വിജിലൻസ് റിപ്പോർട്ട് രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും തീയതി രേഖപ്പെടുത്താതെ ഒപ്പവച്ചിട്ടുള്ളതിനാൽ ടിയാന്റെ പക്കൽ നിന്നും ഫയൽ ഏത് തീയതിയിലാണ് ക്ലാർക്കിന് കൈമാറിയിട്ടുള്ളത് എന്ന് അനുമാനിക്കാൻ നിവൃത്തിയില്ലാത്തതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ രാജു സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ് . ഈ സാഹചര്യത്തിൽ ശ്രീമതി കെ സതി നൽകിയിട്ടുള്ള മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിധം ടിയാൾ ഫയൽ കൈവശം വച്ച് താമസം വരുത്തിയിട്ടില്ല എന്നത് തത്വത്തിൽ അംഗീകരിക്കാവുന്നതും എന്നാൽ ടിയാളുടെ ഭാഗത്തു നിന്നും ടി ഫയൽ സംബന്ധിച്ച തുടർ നടപടിക്രമങ്ങളൊന്നും സ്വീകരിക്കാതിരുന്നത് സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ ശ്രീമതി കെ സതിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കാണാവുന്നതുമാണ് എന്നതിനാൽ മേലിൽ ഓഫീസ് നടപടി ക്രമങ്ങളിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ സെൻഷ്വർ നൽകി ശ്രീമതി കെ. സതിക്കെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ, ആയതിൽ സമർപ്പിച്ച മറുപടി, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ സഹിതം ഇക്കാര്യം പരിശോധിച്ചതിൽ ടാക്സ് അസ്സസ്സ് ചെയ്ത് ടി.സി നമ്പർ നൽകുന്നതിനുള്ള അപേക്ഷയിൽ ഏഴ് മാസത്തോളം കാലതാമസം വരുത്തിയതായ ആരോപണത്തിൽ തിരുവല്ലം സോണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി കെ. സതിയുടെ ഭാഗത്ത് മനപൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി കാണുന്നില്ലെങ്കിലും പ്രസ്തുത ഫയലിൽ സമയബന്ധിതമായി തുടർ നടപടിക്രമങ്ങളൊന്നും സ്വീകരിക്കാതിരുന്നത് സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ ശ്രീമതി കെ സതി യുടെ ഭാഗത്തുണ്ടായ ബോധപൂർവ്വമല്ലാത്ത

വീഴ്ചയാണെന്നതിനാൽ ടിയാൾക്കെതിരായി വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി, ഇത്തരം വീഴ്ചകൾ മേലിൽ ഉണ്ടാകാതിരിക്കുവാൻ ലഘുശിക്ഷയായ സെൻഷർ (ശാസന) നൽകിക്കൊണ്ട്, തീർപ്പാക്കി ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ **സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി കെ സതി, സീനിയർ ക്ളാർക്ക്, തിരുവല്ലം സോണൽ ഓഫീസ്,
തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(13.02.2016 തീയതിയിലെ VIG D1/108/2019-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ